**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ ഐ.റ്റി യൂണിറ്റിൽ നിന്നും IBPMS ബിൽഡിംഗ് ആപ്ലിക്കേഷൻ ഫെസിലിറ്റേഷൻ സെന്ററുകളിലേയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള അംഗങ്ങൾക്കുള്ള വേതനം തിരുവനന്തപുരം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1563/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 24/07/2019

പരാമർശം:- തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 2/04/2019 ലെ E13/IBPMS/11/19 നമ്പർ കത്ത്.

**ഉത്തരവ്**

കുടുംബശ്രീ യൂണിറ്റിൽ നിന്നും IBPMS ബിൽഡിംഗ് ആപ്ലിക്കേഷൻ ഫെസിലിറ്റേഷൻ സെന്ററുകളിലേയ്ക്ക് ബി.ടെക്ക് സിവിൽ & ആട്ടോകാഡ്, ത്രിവൽസര ഡിപ്ലോമ ഇൻ സിവിൽ & ആട്ടോക്കാഡ്, ഐ.റ്റി.ഐ ഇൻ സിവിൽ & ആട്ടോക്കാഡ് എന്നീ യോഗ്യതയുള്ള മൂന്നു പേരെ നൽകിയിട്ടുണ്ടെന്നും, IBPMS സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി മൂന്ന് സർവ്വീസ് പോയിന്റുകൾ ആരംഭിക്കുന്നതാണെന്നും, തിരുവനന്തപുരം നഗരസഭാ മേയറുടെ 25.03.2019 ലെ തീരുമാനവും മേയറുടെ 02/04/2019 ലെ മുൻകൂർ അനുമതി പ്രകാരവും ബി.ടെക്ക് യോഗ്യതയുള്ളവർക്ക് 15.000/- രൂപയും, ഡിപ്ലോമ യോഗ്യതയുള്ളവർക്ക് 12,000/- രൂപയും, ഐ.റ്റി.ഐ യോഗ്യതയുള്ളവർക്ക് 10.000/- രൂപയും പ്രതിമാസ വേതനം നിശ്ചയിച്ച് നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും, ഈ സാഹചര്യത്തിൽ കുടുംബശ്രീയുമായി കരാറിലേർപ്പെടുന്നതിനും മേൽ നിശ്ചയിച്ച തുക കുടുംബശ്രീ ഐ.റ്റി യൂണിറ്റിന് 01/04/2019 മുതൽ നൽകുന്നതിനുമുള്ള അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം നഗരസഭാ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീയുമായി കരാറിലേർപ്പെടുന്നതിനും ബി.ടെക്ക് യോഗ്യതയുള്ളവർക്ക് 15,000/- രൂപയും, ഡിപ്ലോമ യോഗ്യതയുള്ളവർക്ക് 12,000/- രൂപയും, ഐ.റ്റി.ഐ യോഗ്യതയുള്ളവർക്ക് 10,000/- രൂപയും പ്രതിമാസ വേതനം 01/04/2019 മുതൽ തിരുവനന്തപുരം നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ജയശ്രീ.എം.
**അണ്ടർ സെക്രട്ടറി.**

സെക്രട്ടറി , തിരുവനന്തപുരം നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ